## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2176** 07/07/2015-ൽ മറുപടിക്ക്

## തലശ്ശേരിയിലെ ഐ.ടി.പാർക്ക്

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | തലശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | ഉണ്ട്. തലശ്ശേരിയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സാധ്യതാ പഠനം കെ.എസ്.ഐ.ടി.ഐ.എൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഐ.ടി. പാർക്കിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും, സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠനം നടത്തുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ? | (ബി) | ഇതിനായി പണം വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2177 07.07.2015 ൽ മറുപടിയ്ക്ക്**

## വെർച്ച്വൽ ഐ.റ്റി കേഡർ

| ചോദ്യം<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.ശിവദാസൻ നായർ | മറുപടി<br>ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) |
|---|---|
| (എ) വെർച്ച്വൽ ഐ.റ്റി കേഡർ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ)യും (ബി)യും സെക്രട്ടേറിയേറ്റിൽ ഐ.റ്റി വെർച്ച്വൽ കേഡർ രൂപീകരിച്ചിട്ടുണ്ട്. വിവര സാങ്കേതിക മേഖലയിൽ പ്രാപ്തരായ ഉദ്യോഗസ്ഥരുടെ അഭാവം മൂലം ഇ-ഗവേർണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനു വിവിധ ബാഹ്യ ഏജൻസികളെ ആശ്രയിക്കേണ്ടി വരുന്നു. സർക്കാർ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ അറിവ് ഈ ഏജൻസികൾക്ക് ഇല്ലാത്തതിനാൽ പലപ്പോഴും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനും സാധിക്കാതെ വരുന്നു .<br><br>മേൽ സാഹചര്യത്തിൽ ഇ-ഗവേർണൻസ് പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി അതാതു വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ അറിവുള്ള ഒരു ടീമിനെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് വെർച്ച്വൽ ഐ.റ്റി കേഡർ രൂപവൽക്കരിച്ചിട്ടുള്ളത്.<br><br>പ്രസ്തുത ടീം ഇ-ഗവേർണൻസ് പദ്ധതികൾ അതാതു വകുപ്പുകളിൽ ആവിഷ്കരിച്ച |

നടപ്പിലാക്കി ആയതിന്റെ മേൽനോട്ടം വഹിക്കുന്നതുമാണ്.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;

(സി) ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ ;

(സി) വിവര സാങ്കേതിക വിദ്യയോട് താൽപര്യവും ആഭിമുഖ്യമുള്ള യോഗ്യരായ സർക്കാർ ജീവനക്കാരെ വകുപ്പ് തലവന്മാർ കണ്ടെത്തി നാമനിർദ്ദേശം ചെയ്യുകയും ഇവർക്ക് വേണ്ട പരിശീലനം നൽകുകയും ചെയ്യുന്നു. ടെക്നോപാർക്കിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ് മെന്റ്-കേരള മുഖാന്തരമാണ് പരിശീലനം നൽകുന്നത്.പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഇ-ഗവേർണൻസ് പദ്ധതി നടത്തിപ്പിന്റെ ചുമതലകൾ നൽകും.

അതാതു വകുപ്പിൽ അവരവരുടെ നിലവിലെ ഉത്തരവാദിത്വങ്ങൾക്ക് പുറമേ ആയിരിക്കും ഇ-ഗവേണൻസിന്റെ ചുമതലകൾ നിർവ്വഹിക്കുന്നത്.

(ഡി) ആരുടെയെല്ലാം സഹായത്തോടു കൂടിയാണ് ഇത് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ?

(ഡി) അതാതു വകുപ്പുകളുടെ മേൽനോട്ടത്തിലും വിവര സാങ്കേതിക വകുപ്പിന്റേയും കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റേയും സ്റ്റേറ്റ് ഇ മിഷൻ ടീമിന്റെയും(SeMT)സഹകരണത്തോടെയും ആയിരിക്കും വെർച്ച്വൽ ഐ.റ്റി കേഡർ പ്രവർത്തിക്കുക.

Anoop.M.A.

**സെക്ഷൻ ഓഫീസർ**

4